ഭരണഭാഷ-മാതൃഭാഷ

നമ്പർ :DTETVM/2611/2026-EB1 (EB)

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

തീയതി : 08-04-2026

## പരിപത്രം

വിഷയം:- വിദ്യാഭ്യാസം -സാങ്കേതികം -ഡയറക്ടറുടെ കാര്യാലയം ,തിരുവനന്തപുരം - ഗവ . ഫാഷൻ ഡിസൈനിങ് ഇൻസ്റ്റിറ്റ്യൂട്ട് -കളിലെ ഇൻസ്ട്രക്ടർ ഇന് ചാർജ്ജ് വെക്കേഷൻ കാലയളവിലും ശനിയാഴ്ചകളിലും ഹാജരാകുന്നത് -സംബന്ധിച്ച് .

സൂചന:- 10.03.2026 ലെ ആറ്റിങ്ങൽ ഗവ . പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിന്റെ GPTCAL/50/2026 -E നമ്പർ കത്ത് .

ഗവ . ഫാഷൻ ഡിസൈനിങ് ഇൻസ്റ്റിറ്റ്യൂട്ട് - കളിലെ ചാർജ്ജ് വഹിക്കുന്ന ഇൻസ്ട്രക്ടർമാരിൽ വെക്കേഷൻ കാലയളവിലും ശനിയാഴ്ചകളിലും ഹാജരാകുന്നവർ ക്ക് നോൺ വെക്കേഷൻ സ്റ്റാഫ് ആയി പരിഗണിച്ചു ആർജ്ജിതാവധി നല്കി വരുന്നുണ്ട്. ടി ജീവനക്കാർക്ക് വെക്കേഷൻ കാലയളവിൽ സേവനത്തിന് ഹാജരാകാൻ താൽപര്യമില്ല എങ്കിൽ (അക്കാദമികപരമായ ചുമതലകളൊന്നും ഈ കാലയളവിൽ ഇല്ലെങ്കിൽ) സ്ഥാപനമേധാവിയുടെ അനുവാദത്തോടെ അപ്രകാരം ചെയ്യാവുന്നതാണ്. ഇപ്രകാരമുള്ളവരെ വെക്കേഷൻ സ്റ്റാഫ് ആയി മാത്രം പരിഗണിക്കേണ്ടതും അർഹതക്കനുസരിച്ച് മാത്രം ആർജ്ജിതാവധി അനുവദിക്കേണ്ടതുമാണ്. (വെക്കേഷൻ ഡ്യൂട്ടി എടുക്കുന്ന ദിവസങ്ങളിൽ മാത്രം). പല സ്ഥാപനങ്ങളിലും പല രീതിയാണ് പിൻ തുടരുന്നതെങ്കിൽ ആയത് ഈ സർക്കുലർ പ്രകാരം ഏകീകരിക്കേണ്ടതാണ് .

Digitally signed by
ANI ABRAHAM
Date: 08-04-2026
14:33:42

**ANI ABRAHAM**
**SENIOR JOINT DIRECTOR (PS)**

സ്വീകർത്താവ്,

1.ഈ വകുപ്പിന് കീഴിലുള്ള എല്ലാ GIFD സ്ഥാപനമേധാവികൾ ക്കും ബന്ധപ്പെട്ട ജീവനക്കാർക്കും .(വെബ് സൈറ്റ് മുഖാന്തിരം)

2. ശ്രീമതി . ആശ എസ് നായർ ,ഇൻസ്ട്രക്ടർ ഇന് ചാർജ്ജ് ,GIFD, ആറ്റിങ്ങൽ .

3. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി